കാലിക്കറ്റ് യൂണിവേഴ്സിറ്റി നിർത്തലാക്കുന്ന കോഴ്സുകളും പരീക്ഷാ കേന്ദ്രങ്ങളും

140 (3701) ശ്രീ. എം. വി. ജയരാജൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലിക്കറ്റ് യൂണിവേഴ്സിറ്റി തങ്ങളുടെ അധികാര പരിധിക്ക് പുറത്തുള്ള പരീക്ഷാ കേന്ദ്രങ്ങൾ നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണം എന്താണ് ;

(സി) എത്ര പരീക്ഷാ കേന്ദ്രങ്ങളാണ് അപ്രകാരം നിർത്തലാക്കുന്നത് ;

(ഡി) കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്വാശ്രയ കോഴ്സുകൾ ഏതെങ്കിലും നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം ; ഈ കോഴ്സുകൾ നിർത്തലാക്കുന്നതിനുള്ള കാരണമെന്ത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരീക്ഷാ കേന്ദ്രങ്ങൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടാണെന്ന് സർവ്വകലാശാല അറിയിക്കുന്നു.

(സി) തിരുവനന്തപുരത്തും എറണാകുളത്തുമുള്ള പരീക്ഷാ കേന്ദ്രങ്ങൾക്കു പുറമേ കണ്ണൂർ സർവ്വകലാശാല പരിധിയിലുള്ള മൊത്തം കേന്ദ്രങ്ങളും നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ സയൻസ് ആന്റ് ഇൻഡസ്ട്രിമെന്റേഷൻ സെന്ററിനു കീഴിൽ നടത്തിവന്നിരുന്ന റഫ്രിജറേഷൻ ആന്റ് എയർ കണ്ടീഷനിംഗ് എന്ന ഒരു വർഷ സർട്ടിഫിക്കറ്റ് കോഴ്സ് നിർത്തലാക്കി. സിൻഡിക്കേറ്റ് തീരുമാന പ്രകാരമാണിത്. ഈ അദ്ധ്യയന വർഷം മുതൽ പ്രസ്തുത സെന്ററിനു കീഴിൽ നടത്തിവരുന്ന ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ്, കംപ്യൂട്ടർ ഹാർഡ്വെയർ, ആന്റ് നെറ്റ് വർക്കിംഗ് എന്നീ സർട്ടിഫിക്കറ്റ് കോഴ്സുകളും നിർത്തലാക്കാൻ സിൻഡിക്കേറ്റ് തീരുമാനിച്ചിട്ടുണ്ട്. എം.എഡ്. ടെക്നോളജി (സ്വാശ്രയം) കോഴ്സ് ഈ വർഷം ആരംഭിച്ചിട്ടില്ല. കാരണം എൻ.സി.റ്റി.ഇ. അംഗീകാരം ലഭിച്ചിട്ടില്ല. ബി.എസ്.സി. പ്രിന്റിംഗ് ടെക്നോളജി കോഴ്സ് പുതിയ അഡ്മിഷൻ ഈ വർഷം മുതൽ (സ്വാശ്രയം) നിർത്തലാക്കി. സിൻഡിക്കേറ്റ് തീരുമാനപ്രകാരമാണിത്. റേഡിയേഷൻ ഫിസിക്സ്, ഡിപ്ലോമ ഇൻ ചൈൽഡ്വുഡ് കെയർ ആന്റ് എഡ്യൂക്കേഷൻ എന്നീ സ്വാശ്രയ കോഴ്സുകളും മോണിറ്ററിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരം നിർത്തലാക്കിയിട്ടുണ്ട്. എം.എ. ഹിസ്റ്ററി, എം. എ. ഫോക്ക്ലോർ എന്നീ ഈവനിംഗ് കോഴ്സുകൾ തുടരേണ്ടതില്ല എന്നും തീരുമാനിച്ചു. സിൻഡിക്കേറ്റ് തീരുമാനപ്രകാരമാണിത്.

LIBRARY ARCHIVES Kerala Legislative Assembly